(b) Messrs. Hopkin and Williams (Travancore) Ltd. Chavara.

M/s, F. X. Pereira and Sons (Travancore) Ltd., Quilon.

(c) Action is being taken in this direction.

ഭക്ഷ്യാൽപ്പാദനത്തിനു ഭൂമി.

* 769. [27] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യാൽപ്പാദനത്തിനു നൽകിയിട്ടുള്ള തുപ്പെടെയുള്ള സർക്കാർ റിസർവ്വിലെ കൃഷിക്കുപയുക്തമായ ഭൂമികൾ മറ്റു ഭൂമിയില്ലാത്ത കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും മാത്രമായി പതിച്ചുകൊടുക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഭൂമി പതിച്ചുകൊടുക്കുന്ന സമ്പ്രദായം തല്ക്കാലം നിർത്തി വച്ചിരിക്കുകയാണ്. ഭൂമിയില്ലാത്തവർക്ക് കൃഷിക്കും, താമസത്തിനും ആയി ഭൂമി പാട്ടത്തിനു കൊടുക്കുന്നുണ്ട്.

സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി ബോർഡ്.

* 770. [28] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയേറ്റ് പ്ലാനിംഗ് സെക്ഷനിൽ 17-1-1955-ൽ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ബോർഡിൽ അംഗമായിരിക്കാമോ എന്നതിനു ഗവണ്മെൻറ് ആരോടെല്ലാം ചോദിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) പ്രസ്തുത ബോർഡിലേക്കുള്ള അംഗങ്ങളുടെ നോമിനേഷൻ ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

Manure and timber for Agricultural implements.

*771. [30] **Shri T. S. Ramaswami:** Will the Home Minister be pleased to state:

(a) whether free passes for getting green manure and timber of agricultural implements from the forests used to be given to the ryots by the Government;

(b) are free passes still given; and

(c) if not the reason why it was stopped?

Home Minister **(Shri A. J. John)** : (a) Free passes for the collection and removal of green manure leaves were used to be given to ryots but not for timber for agricultural implements,

LIBRARY ARCHIVES Kerala Legislative Assembly

(b) No

(c) The period of concession grants expired on 22-7-53. Sanction for further extension of the period was probably not sought for by the public.

അദ്ധ്യാപകരുടെ ശമ്പളം

* 772 [31] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിനു് തുല്യമാണോ ;

(ബി) ആ കാര്യത്തിൽ എന്തു നടപടിയാണു് ഗവണ്മെൻറ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതു് ;

(സി) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്കു് മാനേജ്മെൻറുകൾ എന്തെങ്കിലും ഗ്രാൻറായി നൽകുന്നുണ്ടോ ?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ :

(എ) അതെ.

(ബി) 1-4-55 മുതൽ തുല്യമാക്കിയിട്ടുണ്ടു്.

(സി) ചില മാനേജ്മെൻറുകൾ നൽകുന്നുണ്ടു്. ഗ്രാൻറിൽ കുറയാത്ത ഒരുതുക അദ്ധ്യാപകർക്കു് കൊടുക്കുവാൻ അവർ ബാദ്ധ്യസ്ഥരാണു് .

പോലീസു് ഉദ്യോഗസ്ഥന്മാർക്കു ടി. എ.

* 773. [37] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

ഇവിടത്തെ പോലീസു് ഉദ്യോഗസ്ഥന്മാക്കു് മദ്രാസ്സിൽ കൊടുക്കുന്ന ടി. എ. കൊടുക്കുവാൻ മയവുണ്ടാകുമോ?

ആഭ്യന്തരകാര്യമന്ത്രി ശ്രീ. എ. ജെ. ജാൺ :

ഈ സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാക്കു കൊടുക്കുന്ന യാത്രപ്പടി, ഇവിടത്തെ സർവ്വീസ് റഗുലേഷനിലെ നിയമമനുസരിച്ചാണു്. വിവിധ സംസ്ഥാനങ്ങളിലെ ശമ്പളരീതിയും സർവ്വീസു് റൂളുകളും വിഭിന്നരീതിയിലായതിനാൽ, മദ്രാസു് സംസ്ഥാനത്തിലെ രീതി ഇവിടെ പകർത്തുന്നതിൽ പ്രത്യേകതയില്ല. എന്തായാലും ഇക്കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly